12473
57 6117

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തുപ്പങ്ങോട്ട് ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനാ റിപ്പോർട്ടിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്ക് താക്കീത് നൽകി അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1694/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 24.05.2017

===

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.11.2012-ലെ ഇ 10 (എസ് സി 43/12/എംപിഎം) 24787/12 നമ്പർ കത്ത്

2. 03.05.2013-ലെ 11793/ഇപിബി3/13/തസ്വഭവ നമ്പർ കുറ്റപത്രം

3. കുറ്റപത്രത്തിന് എൽ.ഡി. ക്ലാർക്ക് ശ്രീ. എസ്. ജയിംസ് (ജിനേഷ് എസ്) 31.08.2013-ലും, അക്കൗണ്ടന്റ് ശ്രീമതി. ജസിയ ബീവി എം.എ. 12.09.2013-ലും, സെക്രട്ടറിയായിരുന്ന ശ്രീ. വി.കെ. വത്സലൻ 21.09.2013-ലും, ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. അനിൽ കുമാർ എ.ജി. 11.09.2013-ലും, സീനിയർ ക്ലാർക്കായിരുന്ന ശ്രീ. ഷിനാജ് വി.എച്ച് 17.10.2013-ലും, സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി. അശ്വതി അശോക് 13.09.2013-ലും, സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീ. വിനീതൻ പി 11.10.2013-ലും, യു.ഡി. ക്ലാർക്ക് ആയിരുന്ന ശ്രീ. പ്രേമചന്ദ്രൻ 21.10.2013-ലും സമർപ്പിച്ച എതിർവാദ പത്രികകൾ

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തുപ്പങ്ങോട്ട് ഗ്രാമപഞ്ചായത്തിൽ 08.06.2012-ൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പരിശോധനയിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. ഹാജർ പുസ്തകത്തിൽ ജീവനക്കാർ കൃത്യമായി ഒപ്പ് രേഖപ്പെടുത്തുകയോ, അവധി എടുക്കുമ്പോൾ അവധി അപേക്ഷ സമർപ്പിക്കുകയോ ചെയ്യുന്നില്ല.
2. എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. ജയിംസ്. എസ്. അവധി അപേക്ഷ നൽകാതെ അവധി എടുത്തിരിക്കുന്നു.
3. മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ജീവനക്കാർ ഡ്യൂട്ടി സമയത്ത് പുറത്ത് പോകുമ്പോൾ മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
4. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. മണൽ പാസ്സിനുള്ള അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല
6. മണൽ പാസ്സിനുള്ള അപേക്ഷകൾ വേണ്ടവിധം പരിശോധിക്കുന്നില്ല
7. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന കെട്ടിട നിർമ്മാണത്തിന് എൻ.ഒ.സി. ലഭിക്കുന്നതിനുള്ള അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
8. വ്യാപാരികളുടെ ലിസ്റ്റ് പഞ്ചായത്തിൽ ഇല്ല.
9. Wet land രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽപ്പറഞ്ഞ കുറ്റങ്ങൾക്ക് ഉത്തരവാദികളായ താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകിയിരുന്നു.

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. വി.കെ. വത്സലൻ | പഞ്ചായത്ത് സെക്രട്ടറി |
| ശ്രീ. അനിൽകുമാർ എ.ജി. | ഹെഡ് ക്ലാർക്ക് |
| ശ്രീ. ഷിനാജ് വി.എച്ച്. | യു.ഡി. ക്ലാർക്ക് |
| ശ്രീ. ജയിംസ് എസ്. (ജിനേഷ് എസ്) | എൽ.ഡി. ക്ലാർക്ക് |
| ശ്രീമതി. ജസിയബീവി. എം.എ. | അക്കൗണ്ടന്റ് |
| ശ്രീമതി. അശ്വതി അശോക് | എൽ.ഡി. ക്ലാർക്ക് |
| ശ്രീമതി. ലീല | പ്യൂൺ |
| ശ്രീ. വിനീതൻ പി. | എൽ.ഡി. ക്ലാർക്ക് |
| ശ്രീ. പ്രേമചന്ദ്രൻ കെ.ബി. | യു.ഡി. ക്ലാർക്ക് |

കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 9 ഉദ്യോഗസ്ഥർക്കെതിരെ മേൽപ്പറഞ്ഞ കുറ്റങ്ങൾ ആവർത്തിക്കാതിരിക്കാൻ "താക്കീത്" നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തൃപ്പങ്ങോട്ട് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (28.01.2017-ലെ 324/ഡി3/2017/വിജി. നമ്പർ യു.ഒ. റിമാർക്ക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.11793/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ